**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5171** **02-11-2021 - ൽ മറുപടിയ്ക്ക്**

**ബയോ ബബിൾ മാതൃക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോളേജുകൾ കോവിഡ് കാലത്ത് തുറന്ന് പ്രവർത്തിപ്പിക്കുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തിയ ബയോ ബബിൾ മാതൃക വിജയകരമാണോ; വിശദമാക്കാമോ; | (എ) | അതെ. 17.09.2021 തീയതിയിലെ സ.ഉ.(സാധാ) നം.1228/2021/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിൽ എല്ലാ കോവിഡ് സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് ഓൺ-ക്യാമ്പസ് ക്ലാസ്സുകൾ നടത്തി വരുന്നു. ഈ സുരക്ഷാ മാനദണ്ഡങ്ങൾ എല്ലാം വിജയകരമായിരുന്നു എന്നാണ് സ്ഥാപനങ്ങളിൽ നിന്നുമുള്ള റിപ്പോർട്ടുക ളിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്. |
| (ബി) | അധ്യാപകർക്ക് വിവിധ ക്ലാസുകളിൽ അധ്യാപനം നടത്തേണ്ട സാഹചര്യത്തിൽ ബയോ ബബിൾ മാതൃക ഫലപ്രദമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (ബി) | 17.09.2021 തീയതിയിലെ സ.ഉ.(സാധാ) നം.1228/2021/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം താഴെപറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബിരുദാനന്തര ബിരുദ ക്ലാസുകൾ മുഴുവൻ വിദ്യാർത്ഥികളെയും ഉൾകൊള്ളിച്ചു കൊണ്ട് നടത്താവുന്നതും ബിരുദ ക്ലാസുകൾ ആവശ്യമെങ്കിൽ 50 ശതമാനം വിദ്യാർത്ഥികളെ ഒരു ബാച്ച് ആയി പരിഗണിച്ച് ഇടവിട്ടുള്ള ദിവസങ്ങളിലോ ആവശ്യത്തിന് സ്ഥലം ലഭ്യമായ ഇടങ്ങളിൽ പ്രത്യേക ബാച്ചുകളായി ദിവസേനയോ നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്. വിദ്യാർഥികൾ ക്യാമ്പസ്സിനുള്ളിൽ കോവിഡ് പ്രോട്ടോകോൾ പാലിക്കുന്നു എന്ന് സ്ഥാപനമേധാവികൾ ഉറപ്പാക്കുവാനും ആവശ്യാനുസരണം ഹാൻഡ്‌വാഷ്, സാനിറ്റൈസർ, മുഖാവരണങ്ങൾ, തെർമൽ സ്കാനർ തുടങ്ങിയവ ഉറപ്പാക്കേണ്ടതാണ് എന്നും വിദ്യാർഥികൾ കൂട്ടംകൂടുന്നതും, സാമൂഹിക അകലം ലംഘിക്കുന്നതും അനുവദിക്കാൻ പാടില്ലാത്തതാണ് എന്നും നിഷ്കർഷി ച്ചിട്ടുണ്ട്. ക്ലാസ്സുകൾ ഒറ്റ സെഷനിൽ 8.30 മുതൽ1.30 വരെ നടത്തുന്നതാണ് അഭികാമ്യം എന്നും അല്ലെങ്കിൽ 9 മുതൽ 3 വരെ, 9.30 മുതൽ 3.30 വരെ, 10 മുതൽ 4 വരെ എന്നീ സമയക്രമങ്ങളിലൊന്ന് സൗകര്യപൂർവം തിരഞ്ഞെടുക്കാൻ കോളേജ് കൗൺസിലുകൾക്ക് അധികാരം നൽകി. ആഴ്ചയിൽ 25 മണിക്കൂർ ക്ലാസ്സ് |

| | | | |
|---|---|---|---|
| | | | വരത്തക്ക രീതിയിൽ ഓഫ്‌ലൈൻ, ഓൺലൈൻ ക്ലാസ്സുകൾ സമ്മിശ്രരീതിയിൽ കൈകാര്യം ചെയ്യാനും ആ രീതിയിൽ ടൈംടേബിൾ തയ്യാറാക്കുവാനും മറ്റു സെമസ്റ്ററുകളുടെ ക്ളാസ്സുകൾ ഓൺ ലൈനിൽ തന്നെ തുടരുവാനും ഇതിന് സഹായകരമായ രീതിയിൽ ടൈംടേബിൾ രൂപീകരിക്കു ന്നതിന് സ്ഥാപന മേധാവികൾ കോളേജ് കൗൺസിലിന്റെ സഹായത്തോടെ നടപടി കൾ സ്വീകരിക്കുവാനും അനുവാദം നൽകിയിട്ടുണ്ട്. എഞ്ചിനീയറിംഗ് കോളേജുകളിൽ നിലവിലുള്ള രീതിയിൽ 6 മണിക്കൂർ ദിവസേന ക്ലാസ് നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ